A

512

# സമഗ്ര ശിക്ഷാ കേരളം

## വാർഷിക മൂല്യനിർണ്ണയം 2024-2025

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ് : 5 | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള അഞ്ചു പ്രവർത്തനത്തങ്ങളിൽ നാല് എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

---

**പ്രവർത്തനം 1 വായിക്കാം എഴുതാം**

**മണിമല**

ഒരു കൊച്ചു ഗ്രാമം. ചെറുതെങ്കിലും മനോഹരം. മണിമല എന്നാണ് ആ ഗ്രാമത്തിന്റെ പേര്. മുത്തുകൾ കോർത്ത പോലെ മലകൾ നിരനിരയായ് നിരന്നു കിടക്കുന്നത് കൊണ്ടാണ് ഗ്രാമത്തിന് മണിമല എന്ന് പേര് വന്നത്.

മുകളിൽ ആകാശം. തൂവെള്ള മേഘങ്ങൾ ഒഴുകി നടക്കുന്ന നീലാകാശം. അതിനു താഴെ മലനിരകൾ. മടക്കുകളായി നിരന്നങ്ങനെ കിടക്കുന്നു. അതിന്റെ താഴ്വരയിലായി മനോഹരമായ കാട്. കാട്ടിൽ നിറയെ വലിയ മരങ്ങൾ. പലതരം കാട്ടുമൃഗങ്ങളും പക്ഷികളുമുണ്ട്. മാൻ, മയിൽ, മുയൽ, മൈന, മാടത്ത, മ്ലാവ് തുടങ്ങിയ ധാരാളം പക്ഷിമൃഗങ്ങൾ. ചിലർ നൃത്തം ചവിട്ടുന്നു. ചിലർ ഓടുന്നുണ്ട്, ചാടുന്നുണ്ട്. മറ്റു ചിലർ വേട്ടയാടുന്നു. മരക്കൊമ്പുകളിൽ തൂങ്ങിയാടുകയാണ് കുരങ്ങന്മാർ. കാടിന്റെ മറുവശത്തായി വയലുകൾ. അതിൽ വിളഞ്ഞു നിൽക്കുന്ന നെന്മണികൾ. പാടവരമ്പിൽ മാവുകൾ. അതിൽ പഴുത്തു നിൽക്കുന്ന മാങ്ങകൾ. മാമ്പഴം തിന്നുന്ന പക്ഷികൾ. അങ്ങനെ നിരവധി കാഴ്ചകളാൽ സുന്ദരമാണ് മണിമല.

**ശശിധരൻ കല്ലേരി**

1. മുത്തുകൾ കോർത്തപോലെ കാണപ്പെടുന്നത് എന്താണ്?
   (എ) മേഘങ്ങൾ (ബി) മലകൾ (സി)മരങ്ങൾ (ഡി)പക്ഷികൾ
2. ഗ്രാമത്തിന് 'മണിമല' എന്ന പേര് വരാൻ കാരണമെന്ത്?
   (എ) തൂവെള്ള മേഘങ്ങൾ ഒഴികി നടക്കുന്നതിനാൽ
   (ബി) പക്ഷിമൃഗാദികൾ ഉള്ളതിനാൽ
   (സി) മലകൾ നിരന്നു കിടക്കുന്നതിനാൽ
   (ഡി) വയലുകൾ ഉള്ളതിനാൽ
3. കുരങ്ങന്മാർ എന്താണ് ചെയ്യുന്നത്?
   (എ) തൂങ്ങിയാടുന്നു (ബി) പഴം തിന്നുന്നു
   (സി) വേട്ടയാടുന്നു (ഡി) ഓടുന്നു
4. കാടിന്റെ മറുവശത്തായി കാണപ്പെടുന്നത് എന്ത്?
   (എ) കുന്നുകൾ (ബി) വയലുകൾ (സി) പുഴ (ഡി) തെങ്ങിൻതോപ്പ്
5. 'ചിലർ നൃത്തം ചവിട്ടുന്നു' ആരാണ് നൃത്തം ചവിട്ടുന്നത്?
   (എ) മാൻ (ബി) മുയൽ (സി) മയിൽ (ഡി) മൈന

**പ്രവർത്തനം 2 (എ) വിശകലനക്കുറിപ്പ്**

"എന്നാലും ഞങ്ങൾപിടിച്ചു നില്ക്കും
കൊന്നാലും വീണ്ടും മുളച്ചു പൂക്കും.
നന്മത്തിരി കത്തിച്ചായിരം കയ്യുകൾ
ഒന്നിച്ചു നീളുന്ന ചേലുകണ്ടോ?"

'ഒന്നല്ലൊരുകോടി മാവേലിമാർ' എന്ന കവിതയിലെ ഈ വരികൾ നമ്മുടെ ജീവിത പ്രതിസന്ധികളുമായി ഏറെ ബന്ധപ്പെട്ടുകിടക്കുന്നു. പ്രളയം നമ്മുടെ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ ഉൾപ്പെടുത്തി വിശകലനക്കുറിപ്പ് തയ്യാറാക്കുക.

**ബി)** "ഇപ്പരുവത്തിൽ ചിരിയ്ക്കാൻ മേലാ ഒക്കെപ്പൊറുക്കണേ."കവി ആരോടാണ് പറയുന്നത്?

(തുമ്പപ്പൂവ്, കാക്കപ്പൂവ്, ചെത്തിപ്പൂവ്, ചെമ്പരത്തിപ്പൂവ്)

**പ്രവർത്തനം 3 (എ) കത്ത്**

'ഭൂമിക്കുവേണ്ടി' എന്ന പാഠഭാഗത്തിൽ ഗ്രേറ്റ ട്യുൻബർഗ് നടത്തിയ സമരത്തെക്കുറിച്ച് പരിചയപ്പെട്ടല്ലോ? ഇതുപോലെ നിങ്ങളുടെ പരിസരത്തുള്ള ഏതെങ്കിലും പരിസ്ഥിതി പ്രശ്നത്തെക്കുറിച്ച് സ്വന്തം അഭിപ്രായം കൂടി ഉൾപ്പെടുത്തി സുഹൃത്തിന് കത്ത് തയ്യാറാക്കുക.

**ബി)** ഗ്രേറ്റ ട്യുൻബർഗ് ഏതു രാജ്യക്കാരിയാണ്?

(ബ്രിട്ടൺ, അമേരിക്ക, സ്വീഡൻ, യൂറോപ്പ്)

**പ്രവർത്തനം 4 കഥാപാത്രപരിചയം**

'എരിതീയിലുയിരോടെ' എന്ന പാഠഭാഗത്തിലെ പ്രധാന കഥാപാത്രമായ സൈക്കേയുടെ സ്വഭാവസവിശേഷതകൾ ഉൾപ്പെടുത്തി കഥാപാത്രപരിചയം തയ്യാറാക്കുക.

**പ്രവർത്തനം 5 (എ) പോസ്റ്റർ**

എല്ലാവരും സന്തോഷത്തോടെ കാത്തിരിക്കുന്ന ഒന്നാണല്ലോ സ്കൂൾ വാർഷികം. നിങ്ങളുടെ സ്കൂളിലെ വാർഷികാഘോഷത്തിന്റെ പോസ്റ്റർ തയ്യാറാക്കുക. വിശദാംശങ്ങൾ ചേർത്ത് ആകർഷകമാക്കുമല്ലോ.

**ബി)** റ്റോമോയിലെ കായികമേളയിൽ വിജയിയായത് ആര്?

(ടോട്ടോച്ചാൻ, യാസ്വാക്കിച്ചാൻ, തകാഹാഷി, കൊബായാഷി)

**പ്രവർത്തനം 6 - അനുഭവക്കുറിപ്പ്**

'മുത്തശ്ശി ഒരു കഥ തുടങ്ങുന്നു' എന്ന പാഠഭാഗത്ത് ഊഞ്ഞാലിനുവേണ്ടി വാശിപിടിക്കുന്ന ഉണ്ണിക്കണ്ണനെ ഓർമ്മയില്ലേ? നിങ്ങളും കുട്ടിക്കാലത്ത് ഇതുപോലെയുള്ള പലതരം വാശിയും ശാഠ്യവും പ്രകടിപ്പിച്ചിട്ടുണ്ടാവും. അങ്ങനെ ഒരനുഭവം പങ്കുവയ്ക്കുക.